HON'BLE MR. C. KESAVAN : കുറച്ചു വൈഷമ്യങ്ങൾ ഉണ്ടാകാം. ആ വൈഷമ്യങ്ങളെ പരിഹരിക്കുന്നതിനാണ് ജനങ്ങളുടെ ഗവണ്മെൻറ് നിലകൊള്ളുന്നത്.

MR. T. V. DEVAN ; ഞാൻ ഫസ്റ്റ്-മന്ത്രിയതി ഇവിടെ വന്നതിനു ശേഷം ഫറ കേസുകളെക്കുറിച്ച് എനിക്കു ലറ്ററുകൾ കിട്ടിയിട്ടുണ്ട്. സമയം തരുമെങ്കിൽ ഞാൻ അതിലെ കക്ഷികളുടെ പേരും വീട്ടുപേരുമൊക്കെ പറയാം.

HON'BLE MR. C. KESAVAN : അതിന്റെ പൂർണ്ണവിവരങ്ങൾ തന്നാൽ അതിനെക്കുറിച്ചു അന്വേഷിക്കാം.

MR. P. K. KRISHNAN SASTRI : കടിയിറക്കു സംബന്ധിച്ച് പല കേസ്സുകൾ നിലവിലുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. C. KESAVAN : കോടതികളിൽ കണ്ടേക്കാം.

സംസ്കൃതപരീക്ഷ.

281. MR. P. K. KRISHNAN SASTRI : താഴെപ്പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

സംസ്കൃതപരീക്ഷാവിജയികളെ മറ്റു യൂണിവേഴ്സിറ്റി പരീക്ഷാവിജയികളെപ്പോലെ പരിഗണിക്കുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു മയവുണ്ടാകുമോ?

HON'BLE MR. T. M. VARGHESE : സംസ്കൃതപരീക്ഷകൾ പാസ്സായിട്ടുള്ളവരെ മറ്റു മേഖലകളിൽ പരീക്ഷകൾ പാസ്സായിട്ടുള്ളവരെപ്പോലെ തന്നെയാണു പരിഗണിക്കുന്നത്. വല്ല അസമത്വങ്ങളും ഇക്കാര്യത്തിൽ ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ ഗവണ്മെൻറു ശ്രമിക്കുന്നതാണ്.

MR. T. K. NARAYANA PILLAI : ഇംഗ്ലീഷ് സ്കൂളുകളിലുള്ള ബി. എ. ബിരുദധാരികൾക്കും സംസ്കൃതപണ്ഡിതന്മാർക്കും ശമ്പളം ഒരുപോലെയാണോ?

HON'BLE MR T. M. VARGHESE: അവരുടെ ശമ്പളങ്ങൾക്കു വ്യത്യാസമുണ്ടെന്നാണ് ഗവണ്മെൻറിന്റെ അറിവു്.

MR. T. K. NARAYANA PILLAI : അതു് ന്യായീകരിക്കത്തക്കതാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : ന്യായീകരിക്കത്തക്കതാണെന്നു വിചാരിക്കുന്നതു കൊണ്ടാണ് ഗവണ്മെൻറു ഇപ്പോൾ അതു തുടർന്നു കൊണ്ടുപോകുന്നതു്. അതു ന്യായീകരിക്കത്തക്കതല്ലെന്നു ബോദ്ധ്യം വന്നാൽ ഗവണ്മെൻറു് അതു പരിഹരിക്കുന്നതിനു ആവശ്യമുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

MR. T. K. NARAYANA PILLAI : ആവശ്യമുള്ള നടപടികൾ എന്നു പറയുന്നതു് എന്താണെന്നു പറയാമോ? അതിന്റെ ഉദ്ദേശം, സ്വഭാവം, വ്യാപ്തി ഇവ എന്തായിരിക്കുമെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുമോ?

HON'BLE MR. T. M. VARGHESE : അതു വ്യത്യാസം ന്യായീകരിക്കത്തക്കതല്ലെന്നു ഗവണ്മെൻറിനു ബോദ്ധ്യംവന്നാൽ അതനുസരിച്ചു പ്രവർത്തിക്കുന്നതാണ്.

MR. T. K. NARAYANA PILLAI: അതിനു് ഒരു പ്രക്ഷോഭണത്തിന്റെ ആവശ്യമുണ്ടെന്നാണോ മനസ്സിലാക്കേണ്ടതു ?

HON'BLE MR. T. M. VARGHESE : ന്യായമായ മാർഗ്ഗങ്ങളിൽ കൂടിയുള്ള പ്രക്ഷോഭണത്തിൽ വിരോധമില്ല.

MR. T. K. NARAYANA PILLAI : ഒരു പ്രക്ഷോഭണം നടത്തിയെങ്കിലേ ഇതു പരിഹരിക്കുകയുള്ളു എന്നാണോ പറയുന്നതു ?

HON'BLE MR. T. M. VARGHESE : ന്യായമായി ഗവണ്മെൻറിനെ സമീപിച്ചാൽ പ്രക്ഷോഭണം കൂടാതെ തന്നെ സാധിക്കാവുന്ന കാര്യങ്ങൾക്കു് പ്രക്ഷോഭണം നടത്താതിരിക്കയാണ് നല്ലതു്.

MR. T. K. NARAYANA PILLAI ; സംസ്കൃതപണ്ഡിറുകളുടെ എന്തെങ്കിലും നിവേദനം അടുത്തകാലത്തു ഗവണ്മെൻറിനോ ബഹുമാനപ്പെട്ട മന്ത്രിക്കോ കിട്ടിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : സംസ്കൃതപണ്ഡിറുകളുടെ കാര്യങ്ങൾക്കു മാത്രമായി കിട്ടിയിട്ടില്ല. മറു കാര്യങ്ങൾകൂടി ചേർന്ന നിവേദനം കിട്ടിയിട്ടുണ്ടു്.

MR. T. K. NARAYANA PILLAI : തിരുവിതാംകൂർ സംസ്കൃതപരിഷത്തിന്റെ ഒരു നിവേദനം കിട്ടിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE: കിട്ടിയിട്ടുള്ളതായി ഓർമ്മിക്കുന്നില്ല..

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. ELANKATH (*Trivandram IV—General*): മലയാളപണ്ഡിറ്റുകൾക്കും സംസ്കൃതപണ്ഡിറ്റുകൾക്കും അമ്മിൽ തന്നെയും ശമ്പളത്തിൽ വ്യത്യാസമുള്ളതിൽ അവർക്ക് സങ്കടമുണ്ട്, അതു് പരിഗണിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : അതു് പരിഗണിക്കുന്നുണ്ടു്, അതിനെപ്പറ്റി അധികൃതരോടു് ആലോചിച്ചതിനു ശേഷമേ എന്തെങ്കിലും തീരുമാനം ചെയ്യാൻ നിവൃത്തിയുള്ളൂ. മാത്രമല്ല ഈ ചോദ്യം സംസ്കൃതപണ്ഡിറ്റുകളെക്കുറിച്ചുള്ളതാണു്.

MR. R. SANKAR (*Quilon IV—General*) : സംസ്കൃതമഹോപാദ്ധ്യായപരീക്ഷ മലയാളം പണ്ഡിറ്റുകൾക്കു് മതിയായ യോഗ്യതയായി പരിഗണിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : മഹോപാദ്ധ്യായന്മാരെ മലയാളം പണ്ഡിതന്മാരായി നിയമിച്ചിട്ടുള്ളതായി അറിവില്ല.

MR. R. SANKAR : സാഹിത്യവിശാരദ പരീക്ഷ പാസ്സായിട്ടുള്ളവരെ മലയാളം പണ്ഡിറ്റുകളായി നിയമിച്ചിട്ടുള്ള വിവരം അറിയാമോ?

HON'BLE MR. T. M. VARGHESE : അറിയാം.

MR. R. SANKAR : സാഹിത്യവിശാരദപരീക്ഷയെക്കാൾ മോശമല്ല മഹോപാദ്ധ്യായ പരീക്ഷയെന്നു ഗവണ്മെൻറിന് അറിയാമോ?

HON'BLE MR. T. M. VARGHESE : സാഹിത്യവിശാരദ പരീക്ഷയെക്കാൾ കുറവുള്ളതല്ല മഹോപാദ്ധ്യായ പരീക്ഷയെന്നു മെമ്പറുടെ ചോദ്യത്തിൽനിന്നതന്നെ മനസ്സിലാകുന്നുണ്ടു്.

MR. R. SANKAR : ആ സ്ഥിതിക്കു് സംസ്കൃതമഹോപാദ്ധ്യായ പരീക്ഷ പാസ്സായിട്ടുള്ളവർക്കു സാഹിത്യവിശാരദപരീക്ഷ പാസ്സായിട്ടുള്ളവർക്കു കൊടുക്കുന്ന നിയമനങ്ങളെല്ലാം കൊടുക്കുന്നതിൽ വിരോധമുണ്ടോ?

HON'BLE MR. T. M. VARGHESE : അതിനെപ്പറ്റി അന്വേഷിച്ചേ മറുപടി പറയാൻ കഴികയുള്ളൂ.

MR. R. SANKAR : അതിനെപ്പറ്റി ഗവണ്മെൻറു് ആലോചിക്കുമോ?

HON'BLE MR. T. M. VARGHESE : തീർച്ചയായും ആലോചിക്കാം.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): പഴയ സ്കൂൾഓഫ് വിശാരദന്മാരുടെ ഒരു നിവേദനം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : കിട്ടിയിട്ടുണ്ട്.

MR. K. RAMACHANDRAN (*Pathanamthitta I—Kammala*) : രാഷ്ട്രം പരീക്ഷ പാസ്സായിട്ടുള്ളവരെ പ്രൈവറായി ഇംഗ്ലീഷ്. എസ്. എൽ. സി. പരീക്ഷയ്ക്കു ചേരാൻ അനുവദിക്കുമോ?

MR. PRESIDENT : That question does not arise.

ഹരിജൻ ഹോസ്റ്റൽ.

282. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്കസമുദായസംരക്ഷണ ഡിപ്പാർട്ടുമെന്റിൽ നിന്നും നടത്തുന്ന ഹരിജൻ ഹോസ്റ്റലുകൾ എത്ര എണ്ണം ഓരോന്നിലും ഉള്ള വിദ്യാർത്ഥികൾ എത്രവീതമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : അവശസമുദായഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽനടത്തപ്പെടുന്ന ആറു ഹരിജനഹോസ്റ്റലുകൾ ഉണ്ട്. അവയിൽ ഓരോന്നിലും താമസിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ഇപ്രകാരമാണ്:

ശ്രീ ചിത്രാ ഹരിജൻ ഹോസ്റ്റൽ, തിരുവനന്തപുരം		ന. ര
ഹരിജൻ ഹോസ്റ്റൽ, അട്ടർ		ന. ര
,,	കോട്ടയം	ന. ഠ
,,	നാഗർകോവിൽ	ന. ഠ

പെൺകുട്ടികൾക്ക് മാത്രമായുള്ള ഹരിജൻഹോസ്റ്റലുകൾ രണ്ടെണ്ണം ഉണ്ട്. അവ കൊല്ലത്തും മറ്റൊന്നു പറവൂരും ആണ്. കൊല്ലത്തെ ഹരിജനഹോസ്റ്റലിൽ ന. ഠ വിദ്യാർത്ഥിനികളും പറവൂരിലെ ഹോസ്റ്റലിൽ ഫ. ഫ പേരും ആണുള്ളത്.

MR. A. P. UDAYABHANU (*Karunagapalli II—General*) : ഹരിജന വിദ്യാർത്ഥികളെ പൊതുഹോസ്റ്റലുകളിൽ താമസിപ്പിക്കുകയല്ലേ കൂടുതൽ അഭിലഷണീയം?

HON'BLE MR. G. RAMACHANDRAN : അതിനു സംശയമില്ല. പക്ഷേ പല ബുദ്ധിമുട്ടുകളും ഉണ്ട്.

MR. P. K. KRISHNAN SASTRI : ഇപ്പോഴുള്ള ഹരിജനഹോസ്റ്റലുകളിൽ തന്നെ പ്രവേശനം കിട്ടാതെ വളരെ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുന്നുണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly